1.	ഇൻസ്പെക്ഷൻ സ്കാഡിന്റെ ചെലവ്	. .	6,63,669
2.	പാസ്സ് പ്രിന്റിംഗ്	. .	1,13,400
3.	സെമിനാർ നടത്തിയതിന്	. .	20,057
4.	റ്റി. എ.	. .	1,000

എന്നാൽ ടി ചെലവ് നിയമാനുസൃതമാണ് എന്ന് മറുപടിയും നൽകിയിട്ടുണ്ട്.

വേൾഡ് ബാങ്ക് സഹായത്തോടെ പണി ചെയ്ത റോഡുകൾ

227 [371] ശ്രീ. എ. സി. മൊയ്തീൻ:

,, കോടിയേരി ബാലകൃഷ്ണൻ:

,, വി. ചെന്താമരാക്ഷൻ:

,, പി. ജയരാജൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേൾഡ് ബാങ്ക് സഹായത്തോടെയുള്ള കേരള സംസ്ഥാന ഗതാഗത പദ്ധതിയിൽപ്പെടുത്തി കഴിഞ്ഞ വർഷം പണി ചെയ്ത പല റോഡുകളും ഈ കാലവർഷത്തിൽ തന്നെ തകർന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം റോഡുകളെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ റോഡുകൾ നന്നാക്കുന്നതിന് എന്ത് ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കെ. എസ്. ടി. പദ്ധതിയിൽ റോഡ് അപ്ഗ്രഡേഷന് കിലോമീറ്ററിന് നിശ്ചയിച്ചിട്ടുള്ള നിരക്ക് എത്ര; പൊതുമരാമത്ത് വകുപ്പിന്റെ നിരക്ക് എത്ര; കെ.എസ്.ടി.പി.യിൽ നിരക്ക് കൂടുതലാണെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) റോഡ് മെയിന്റനൻസിന് കിലോമീറ്ററിന് കെ. എസ്. ടി. പി. നിരക്ക് എത്ര; പൊതുമരാമത്ത് വകുപ്പ് നിരക്ക് എത്ര; കെ. എസ്. ടി. പി. നിരക്ക് കൂടുതലാണെങ്കിൽ കാരണം വിശദമാക്കാമോ;

(എഫ്) കെ. എസ്. ടി. പദ്ധതിയുടെ പ്രയോജനങ്ങൾ എന്തെല്ലാം?

ഉത്തരം

(എ ആന്റ് ബി) കെ. എസ്. ടി. പി.-യിൽ ഉൾപ്പെടുത്തി പണി ചെയ്ത റോഡുകൾ കാലവർഷത്തിൽ തകർന്നിട്ടില്ല. പൈപ്പ്ലൈൻ കടന്നു പോകുന്നതും വളവുകൾ ഉള്ളതുമായ ചില ഭാഗത്ത് ചെറിയ കുഴികൾ ഉണ്ടായത് കോൺട്രാക്ടറുടെ ചെലവിൽ തന്നെ റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉദിക്കുന്നില്ല.

(ഡി ആന്റ് ഇ) കെ. എസ്. ടി. പി.-യിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ അപ്ഗ്രഡേഷന് ശരാശരി 148 ലക്ഷം രൂപയും മെയിന്റനൻസിന് ശരാശരി 30 ലക്ഷം രൂപയും ചെലവാകുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിലെ മറ്റു റോഡുകളുടെ അപ്ഗ്രഡേഷനും മെയിന്റനൻസിനും പ്രത്യേക റേറ്റ് നിജപ്പെടുത്തിയിട്ടില്ല. അതത് സ്ഥലത്തെ ടി വർക്കുകളുടെ പ്രത്യേകതയനുസരിച്ച് ഈ ജോലികളുടെ റേറ്റിൽ വ്യത്യാസമുണ്ടാകുന്നുണ്ട്.

(എഫ്) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

അദ്ധ്യാപക പരിശീലന പദ്ധതികൾ

228 [372] ശ്രീ. ടി. കെ. ബാലൻ:

„ വി. കെ. ചന്ദ്രൻ:

„ മത്തായി ചാക്കോ:

„ രാജു എബ്രാഹാം: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ബി) അദ്ധ്യാപകരുടെ പരിശീലനത്തിന് എല്ലാ ജില്ലകളിലും ഓരോ ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;

(സി) എങ്കിൽ ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽനിന്ന് കഴിഞ്ഞവർഷം എന്ത് തുക ലഭിച്ചു;

(ഇ) ഈ വർഷം പദ്ധതിക്കായി പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായം എത്രയാണ്;

(എഫ്) എല്ലാ ജില്ലകളിലേയും ട്രെയിനിംഗ് സെന്ററുകളുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകും എന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly